## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4453 — 20.10.2011 ൽ മറുപടിക്ക്

### ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു.എം.പാലിശ്ശേരി | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കാൻസർ, വൃക്കരോഗം, ഹൃദ്രോഹം തുടങ്ങിയ മാരക രോഗങ്ങൾ പിടിപെട്ടവർക്ക് ചികിത്സാധനസഹായമായി അനുവദിച്ചു നൽകുന്ന പരമാവധി തുക ഓരോരുത്തർക്കും എത്ര രൂപ വീതമാണ്; | (എ) നിലവിലുള്ള മാനദണ്ഡ പ്രകാരം 5,000/- രൂപ വരെയാണ് ഇത്തരത്തിലുള്ള ഗുരുതരമായ രോഗങ്ങൾക്ക് നൽകി വരുന്നത്. എന്നാൽ ചില കേസ്സുകളിൽ രോഗത്തിന്റെ ഗുരുതരാവസ്ഥ കണക്കി ലെടുത്ത് കൂടുതൽ തുകയും അനുവദി ക്കാറുണ്ട്. |
| (ബി) മരുന്നുകളുടെ വൻവിലക്കയറ്റംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്ക് ഇപ്പോൾ അനുവദിക്കുന്ന തുക ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഇപ്പോൾ പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ